● കോഴിക്കോട് കലക്ടറേറ്റിന് മുമ്പിൽ ജോയിന്റ് കൗൺസിൽ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ പ്രകടനത്തിൽ നിന്ന്.

ജോയിന്റ് കൗൺസിൽ പ്രതിഷേധിച്ചു

കോഴിക്കോട്: തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒ.പി ഡ്യൂട്ടി നിർത്തിവെപ്പിച്ചു കുഴിനഖം ചികിത്സിക്കാൻ ഡോക്ടറെ വീട്ടിൽ വിളിച്ചു വരുത്തിയ തിരുവനന്തപുരം ജില്ലാ കലക്ടറുടെ നടപടിക്കെതിരെ പ്രതികരിച്ച ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറി ജയശ്ചന്ദ്രൻ കല്ലിംഗ ലിനു നേരെയുള്ള ശിക്ഷാ നടപടിയിൽ പ്രതിഷേധിച്ച് കൊണ്ട് ജോയിന്റ് കൗൺസിൽ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട് കലക്ടറേറ്റിനു മുമ്പിൽ പ്രകടനവും പ്രതിഷേധയോഗവും നടത്തി.

ജോയിന്റ് കൗൺസിൽ സ്ഥാനം സെക്രട്ടറിയേറ്റ് അംഗം ബിന്ദു രാജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് കെ അജിന അധ്യക്ഷത വഹിച്ചു.

ടി. എം സജീന്ദ്രൻ,. പി റാം മനോഹർ, ടി രത്നദാസ്, പി.സുനിൽകുമാർ എന്നിവർ സംസാരിച്ചു.ജില്ലാ സെക്രട്ടറി കെ. ജയപ്രകാശൻ സ്വാഗതവും കെ പ്രമീള നന്ദിയും പറഞ്ഞു.

സോളിഡാരിറ്റി സ്ഥാപക ദിനം ആചരിച്ചു

കോഴിക്കോട്: അഭിമാനസാക്ഷ്യത്തിൻറെ 21 വർഷങ്ങൾ – സോളിഡാരിറ്റി സ്ഥാപക ദിനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപുലമായ പരിപാടികളോടെ കൊണ്ടാടി.

ആസ്ഥാനമായ കോഴിക്കോട് ഹിറ സെന്ററിൽ സംസ്ഥാന പ്രസിഡന്റ് സി.ടി. സുഹൈബ് പതാക ഉയർത്തി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുൻസംസ്ഥാന പ്രസിഡന്റും ജമാഅത്തെ ഇസ്‌ലാമി കേരള അമീറുമായ പി. മുജീബുറഹ്മാൻ ഉൾപ്പെടെയുള്ള നേതാക്കൾ പതാക ഉയർത്തി.

മധുരവിതരണം, പ്രതിജ്ഞ ചൊല്ലൽ എന്നിവയും നടന്നു. മുൻസംസ്ഥാന പ്രസിഡന്റുമാരായ കൂട്ടിൽ മുഹമ്മദലി കൂട്ടിലിലും അബ്ദുൽ ഹമീദ് വാണിയമ്പലം വണ്ടൂരിലും പി.ഐ. നൗഷാദ് ചെന്ത്രാപിന്നിയിലും ടി. മുഹമ്മദ് വേളം വെള്ളയിലും ടി. ശാക്കിർ വേളത്തും പി.എം. സാലിഹ് മഞ്ചേരിയിലും പതാക ഉയർത്തി.

അംഗണവാടി വർക്കർക്ക് യാത്രയയപ്പ് നൽകി

പേരാമ്പ്ര: മുപ്പത്തിമൂന്ന് വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച മൂട്ടപ്പറമ്പ് അംഗണവാടി വർക്കർ എൻ. എൻ. ഗീതക്ക് സ്നേഹാദരവും യാത്രയയപ്പും നൽകി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് ചങ്ങാടത്ത് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെമ്പർ വി.പി. ബിജു അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി.രാജൻ മുഖ്യാതിഥിയായി. ശ്രീനിലയം വിജയൻ, സുനിൽ ഓടയിൽ ടി.കെ. ചന്ദ്രബാബു, കൂനിയത്ത് നാരായണൻകിടാവ്, കെ.പി. അബ്ദുൾ സലാം, ശിവദാസ് ശിവപുരി ,എൻ.പി ബിജു, എൻ. ശ്രീധരൻ,കെ.എം സത്യേന്ദ്രൻ, പി.സി. കുഞ്ഞിരാമൻ നമ്പ്യാർ തുടങ്ങിയവർ സംസാരിച്ചു.

അനുമോദിച്ചു

പേരാമ്പ്ര: വാല്യക്കോട് തൃക്കൈക്കുണ് ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ 18 മത് പുനപ്രതിഷ്ഠാദിന മഹോത്സവത്തോടനുബന്ധിച്ച് സിവിൽ സർവീസ് പരീക്ഷയിൽ (577) ഉന്നത വിജയം നേടിയ നന്ദനത്തിൽ അശ്വന്ത് രാജിനെ ഉത്സവാഘോഷ കമ്മറ്റിയും ക്ഷേത്ര കമ്മററിയും ചേർന്ന് അനുമോദിച്ചു. ആഘോഷ കമ്മററി ചെയർമാൻ കെ കേളപ്പൻ അധ്യക്ഷത വഹിച്ചു.

● മീത്തലെ മുക്കാളി അടി പാത നിലനിർത്താൻ വേണ്ടിയുള്ള പ്രക്ഷോഭ പരിപാടി അഴിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ആയിഷ ഉമ്മർ ഉദ്ഘാടനം ചെയ്യുന്നു.

എയർ ഇന്ത്യ എക്സ്പ്രസ് സമരം; ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

കോഴിക്കോട്: മെയ് 7 മുതൽ 9 വരെ എയർ ഇന്ത്യ പൈലറ്റ്മാർ നടത്തിയ അപ്രഖ്യാപിത സമരം കാരണം ആയിരക്കണക്കിന് യാത്രക്കാരും ബന്ധുക്കളും നേരിട്ട മാനസിക സാമ്പത്തിക ശാരീരിക പ്രയാസങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആർജെഡി സംസ്ഥാന ജനറൽ സെക്രട്ടറി സലിം മടവൂർ നൽകിയ പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേസ് രജിസ്റ്റർ ചെയ്തു.

നിരവധി പ്രവാസികൾക്ക് ജോലി നഷ്ടപ്പെട്ടുവെന്നും ഇതിന്റെ ഉത്തരവാത്തം സമരം ചെയ്ത എയർ ഇന്ത്യ എക്സ്പ്രസ് പൈലറ്റ് മാർക്കും എയർ ഇന്ത്യ മാനേജ്മെൻറിനും ആണെന്നും സലീം മടവൂർ പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. രജിസ്റ്റർ നമ്പർ 288/11/0/2024 ആയാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇചകണ്ജ) കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

അപ്രഖ്യാപിത സമരം ചെയ്തു യാത്രക്കാരെ ദുരിതത്തിൽ ആക്കിയ പൈലറ്റ് മാർക്ക് എതിരെ എടുത്ത അച്ചടക്കനടപടി പിൻവലിച്ച എയർ ഇന്ത്യ നടപടി കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് സലീം മടവൂർ പറഞ്ഞു. ഭാവിയിൽ ഇത്തരം ഏകപക്ഷീയ സമരങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉന്നത കോടതികളുടെ ശ്രദ്ധയിലും വിഷയം കൊണ്ടുവരുമെന്ന് സലീം മടവൂർ പറഞ്ഞു.

ആകാശ യാത്ര പണിമുടക്ക് നിരോധിക്കാൻ നിയമം കൊണ്ട് വരണം

കോഴിക്കോട്: എയർ ഇന്ത്യ ജീവനക്കാർ കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ ആകാശ യാത്ര പണിമുടക്ക് ഇനി ആവർത്തിക്കാതെ ഇരിക്കുവാൻ കേന്ദ്ര സർക്കാർ നിയമം കോണ്ട് വരണമെന്ന് പീപ്പിൾസ് ആക്ഷൻ ഗ്രൂപ്പിൻറ്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവാസി യാത്രാ സെമിനാർ ഓൺലൈൻ യോഗം കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടു.

ആറ് ദിവസത്തിനിടെ കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് മാത്രം 34 സർവ്വീസുകൾ റദ്ദാക്കി 5240 യാത്ര ക്കാർക്ക് യാത്ര നിഷേധിക്കപ്പെട്ടു. വിസ കാലാവധി അവസാനിക്കുന്നവർ, ഉൾപെടെ നിരവധി പ്രവാസികളെ ആകാശയാത്ര പണിമുടക്ക് ബാധിച്ചു. മറ്റു വിമാനകമ്പനികൾ ഇ സാഹചര്യം മുതലെടുത്ത് ടിക്കറ്റ് നിരക്ക് ഭീമമായി വർദ്ദിപ്പിച്ച് യാത്ര ക്കാരെ ചൂഷണം ചെയ്തു.സെമിനാർ മലബാർ ഡവലപ്പ്മെന്റ് കൗൺസിൽ പ്രസിഡണ്ട് സി .ഇ. ചാക്കുണ്ണി ഉൽഘാടനം ചെയ്തു. പീപ്പിൾസ് ആക്ഷൻ ഗ്രൂപ്പ് ചെയർമ്മാൻ ഡോ കെ മോയ്തു, പ്രസിഡണ്ട് അഡ്വ എ കെ ജയകുമാർ, ജനറൽ സെക്രട്ടറി യുനസ് പരപ്പിൽ, എം എ സത്താർ, എം എസ് മെഹമ്പൂബ്, പി ആർ സുനിൽ സിംങ്ങ് എന്നിവർ സംസാരിച്ചു.

എൻ.എം.എം.എസ് വിജയികളെ അനുമോദിച്ചു

വാണിമേൽ: വാണിമേൽ ക്രസന്റ് ഹൈസ്കൂളിൽ നിന്ന് ഈ വർഷം എൻ.എം എം.എസ് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളെ സ്കൂൾ പിടിഎ ,സ്റ്റാഫ്, മാനേജ്മെന്റ് എന്നിവർ ചേർന്ന് അനുമോദിച്ചു.

മുഹമ്മദ് ഹാഫിസ്, ശെഹ്മ ഫാത്തിമ, മിൻഹ ഫാത്തിമ ബഷീർ, അർവ റിയാസ്, ഭരത് അത്ഷബ് , മിൻഹ ഫാത്തിമ കല്ലിൽ, കാർത്തിക എന്നീ കുട്ടികളാണ് ക്രസന്റിൽ നിന്ന് ഈ വർഷം എൻ. എം എം .എസ് നേടി 48000 രൂപയുടെ സ്കോളർഷിപ്പിന് അർഹരായത്.76 കുട്ടികൾ പരീക്ഷ വിജയിച്ചു.

സംഗമം പ്രതിഭകളുടെ ഒത്തുചേരലായി മാറി. ചടങ്ങ് വാണിമേൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി സുരയ്യ ഉദ്ഘാടനം ചെയ്തു.

പി.ടി.എ പ്രസിഡന്റ് ജാഫർ വി.കെ അധ്യക്ഷനായി. മാനേജർ വി. കെ കുഞ്ഞാലി ഉപഹാരങ്ങൾ വിതരണം ചെയ്തു.

മാനേജ്മെന്റ് കമ്മറ്റി പ്രസിഡന്റ് സി കെ സുബൈർ, ജന:സെക്രട്ടറി എൻ കെ മൂസ,വാർഡ് മെമ്പർ വി കെ മൂസ്സ, കെ.കെ മൊയ്തു, അഷ്റഫ് പടയൻ, അഷ്റഫ് കൊറ്റാല,എം. കെ നാസർ, റഷീദ് കോടിയൂറ,എൻ സുരാജ് , അഷ്കർ പികെ, പി. പി സൗദ, എ.പി അസ്ലം ,ശ്രീജേഷ് പുതുക്കയം പ്രസംഗിച്ചു. പ്രധാനധ്യാപകൻ എം കെ അഷ്റഫ് സ്വാഗതവും കോർഡിനേറ്റർ ടി.കെ അനിഷത്ത് നന്ദിയും പറഞ്ഞു.

മീത്തലെ മുക്കാളി അടിപ്പാത: ജനകീയ പ്രക്ഷോഭം തുടരുന്നു

വടകര: ഒരു പ്രദേശത്തിന്റെ പ്രധാന വഴിയായ മീത്തലെ മുക്കാളി അടിപ്പാത നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് നടക്കുന്ന സമരം ശക്തിപ്പെടുത്താൻ. ബഹുജന കൺവൻഷൻ തീരുമാനിച്ചു.

പ്രമുഖ വ്യാപാര കേന്ദ്രമായ ചോമ്പാൽ ഹാർബർ, സി. എസ്ഐ മുള്ളർ വിമൻസ് കോളേജ്, ബിഇ എം യുപി സ്കൂൾ, ചോമ്പാല ബീച്ചുമ്മാ ജുമാ മസ്ജിദ്, ചോമ്പാൽ ഭഗവതി ക്ഷേത്രം, ശ്രീനാരായണ ഗുരു പഠന കേന്ദ്രം, ചോമ്പാല അവതൂതമാത സമാധി മണ്ഡപം, എന്നിവിടങ്ങളിലേക്ക് പോകേണ്ടവർ വർഷങ്ങളായി ആശ്രയിച്ചുകൊണ്ടിരിക്കുന്ന വഴിയാണിത്. നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെടാതെ നിലനിർത്തുന്നതിന് വേണ്ടി ചോമ്പാലിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങൾ നടത്തിവരുന്ന പ്രക്ഷോഭം ശക്തിപ്പെടുത്താനാണ് തീരുമാനം.

ഇതിന്റെ ഭാഗമായി നടന്ന വിപുലമായ കൺവൻഷൻ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ആയിഷ ഉമ്മർ ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ കെ ലീല അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അജിത, പ്രീത, സാലിം അഴിയൂർ, മഠത്തിൽ രവീന്ദ്രൻ,ഷെറിൻ കുമാർ, പ്രകാശൻ പി.കെ, എം. വി.ജയപ്രകാശ്, കെ. ജയകുമാർ, എ.ടി. ശ്രീധരൻ, കൈപ്പാട്ടിൽ ശ്രീധരൻ, അനിത പിലാക്കണ്ടി, മൊയ്തു അഴിയൂർ, വി.പി. മോഹൻദാസ്, സുരേഷ് ആനിക്ക തുടങ്ങിയവർ പ്രസംഗിച്ചു.

● സ്ത്രീ വിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് സി.ഐ.ടി.യുവിന്റെ നേതൃത്വത്തിൽ വടകരയിൽ നടന്ന പ്രതിഷേധ പ്രകടനം

ഹരിഹരന്റെ പ്രസംഗം; വടകരയിൽ സി.ഐ.ടി.യു പ്രതിഷേധം

വടകര: കെ എസ് ഹരിഹരൻ കെ കെ ശൈലജ എം.എൽ.എ സിനിമാ താരം മഞ്ജു വാര്യർ എന്നിവർക്കെതിരായി നടത്തിയ സ്ത്രീ വിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് സി.ഐ.ടി.യു ഏരിയ കമ്മിറ്റി നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും തെരുവ് യോഗവും നടത്തി.

പഴയ ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ആരംഭിച്ച പ്രകടനം നഗരം ചുറ്റി പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് സമാപിച്ചു. യോഗത്തിൽ ഏരിയ പ്രസിഡന്റ് വേണു കക്കട്ടിൽ അധ്യക്ഷനായി. സംസ്ഥാന കമ്മിറ്റി അംഗം പി.സി സുരേഷ്, ജില്ലാ വൈസ് പ്രസിഡന്റ് വി .കെ വിനു എന്നിവർ സംസാരിച്ചു. പ്രകടനത്തിന് പി .കെ അശോകൻ, ഒ.വി ചന്ദ്രൻ, കെ .ടി പ്രേമൻ, കെ ബിന്ദു എന്നിവർ നേതൃത്വം നൽകി.

ചെസ് ചാമ്പ്യൻമാർക്ക് സമ്മാന വിതരണം നടത്തി

നാദാപുരം: സംസ്ഥാന തല ഓപ്പൺ ചെസ് ടൂർണമെന്റ് മത്സരങ്ങളിൽ വിവിധ വിഭാഗങ്ങളിലായി വിജയികളായവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. എം. പി ബാലഗോപാൽ കൾച്ചറൽ വിങ്ങ് ഇരിങ്ങണ്ണൂരിൽ നടത്തിയ ചെസ് ടൂർണമെൻറിൽ സമീപ ജില്ലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും പല വിഭാഗങ്ങളിലായി നിരവധി പേർ മത്സരിച്ചു. കാർത്തിക് രാജ്, മുഹമ്മദ് സഹറാൻ, സത്യജിത്, ഇലാൻ ഫായിസ്, ഹരികൃഷ്ണ,സൂര്യ ഗായത്രി,പ്രസന്ന, വാസുദേവ് എന്നിവർ ചാമ്പ്യന്മാരായി. എല്ലാ വിഭാഗങ്ങളിലും ആദ്യ മൂന്ന് സ്ഥാനക്കാർക്ക് ട്രോഫിയും ക്യാഷ് പ്രൈസും ആദ്യ 15 സ്ഥാനം വരെ ക്യാഷ് അവാർഡുകളും നൽകി. ഇരിങ്ങണ്ണൂർ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരായ എം പി ബാലഗോപാൽ, പി. കണാരൻ, ടി.പി ഇബ്രാഹിം ഹാജി, കെ.പി ചാത്തു, മണലാട്ട് ശങ്കരൻ നമ്പ്യാർ, എം കുഞ്ഞിരാമൻ, കെ പത്മാവതി, വി.പി ദാമോദരൻ, പാറേക്കാട്ടിൽ കൃഷ്ണൻ,കാഞ്ഞാൽ വിജയൻ, പുതുക്കുടി ഗോപിനാഥ് , കെ.കെ സജീവൻ,ബി. എൻ അനൂപ് കുമാർ എന്നിവരുടെ സ്മരണയിലാണ് ട്രോഫികളും ക്യാഷവാർഡുകളും വിതരണം ചെയ്തത്.സമ്മാനദാന ചടങ്ങ് തൂണേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി.കെ അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. സജീഷ് കോട്ടേമ്പ്രം അധ്യക്ഷത വഹിച്ചു. സുനൂപ് ഇടക്കണ്ടിയിൽ, വാർഡ് മെമ്പർ കെ.പി സലീന , സന്തോഷ് കക്കാട്ട്, വത്സരാജ് മണലാട്ട്, വി.പി സുരേന്ദ്രൻ, വി.പി പവിത്രൻ, എൻ.കെ മിഥുൻ എന്നിവർ സംസാരിച്ചു.

വ്യത്യസ്ഥ ഇനത്തിൽ പെട്ട മൂങ്ങകളെ കണ്ടെത്തി

കുറ്റ്യാടി: മരുതോങ്കര ജാനകിക്കാട്ടിൽ നിന്നും വ്യത്യസ്ഥ ഇനത്തിൽ പെട്ട മൂങ്ങകളെ കണ്ടെത്തി. രണ്ട് ദിവസമായി നടന്ന പക്ഷി കണക്കെടുപ്പിലാണ് അൻപത്തിനാലോളം ഇനത്തിലുള്ള പക്ഷികളെ കണ്ടെത്തിയത്.

ഇവയിൽ ഏഴ് എണ്ണം പശ്ചിമഘട്ടത്തിൽ മാത്രം കാണുന്നവയാണ് .മൂങ്ങ വർഞ്ഞക്കാരായ റിപ്ളി മൂങ്ങ, സൈരന്ധ്രി നത്ത് എന്നി പക്ഷികളെ ആദ്യമായിട്ടാണ് ഇവിടെ നിന്നും റിപ്പോർട്ട് ചെയ്യുന്നത്.

മക്കാച്ചി കാട യുടെ സാന്നിധ്യം കാടിന്റെ എല്ലാ ഭാഗത്തും ഉള്ളതായി സർവ്വേ സംഘം വിലയിരുത്തി പക്ഷികളുടെ ഫോട്ടോ പകർത്തിയും ശബ്ദം റെക്കോർഡ് ചെയ്തുമാണ് സർവ്വേ സംഘം പക്ഷികളെ തിരിച്ചറിഞ്ഞത്.

ജാനകിക്കാട് വന സംരക്ഷണ സമിതിയുടെയും, മലബാർ നാച്ചറൽ ഹിസ്റ്ററി സോസൈറ്റിയുടെയും, കോഴിക്കോഡ് ബേഡേഴ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് സർവ്വേ നടന്നത്.

ജാനകിക്കാട് വന സംരക്ഷണ സമിതി പ്രസിഡന്റ് രാജേഷ്, സിക്രട്ടറി. ദീപേഷ് , ഇക്കോ ടൂറിസം ഗൈഡ്. സുധീഷ്, പക്ഷി നിരീക്ഷകരായ മുഹമ്മദ് ഹിറാഷ് വി.കെ, അരുൺ നടുവണ്ണൂർ, ഗോകുൽ അടിവാരം, ജിതേഷ് നോച്ചാട്, അനാമിക, രാംഗീത് എന്നിവർ നേതൃത്വം നൽകി

● പ്രത്യേക ഇനത്തിൽ പെട്ട മൂങ്ങ

പ്രൈവറ്റ് ഹജ് യാത്രക്കാരുടെ യാത്രാ അനിശ്ചിതത്വം ഉടൻ പരിഹരിക്കുക

താമരശ്ശേരി: ഈ വർഷം കേരളത്തിൽ നിന്നും പ്രൈവറ്റ് സെക്ടറിൽ ഹജ്ജിന് പോവുന്നവരുടെ യാത്രാ അനിശ്ചിതത്വം എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് കെ.എസ്.പി.എൽ കൊടുവള്ളി നിയോജക മണ്ഡലം ഹജ്ജ് യാത്രയയപ്പ് കൺവെൻഷൻ കേന്ദ്ര, സംസ്ഥാന സർക്കാറുകളോട് ആവശ്യപ്പെട്ടു. കെ.എസ്.പി.എൽ സംസ്ഥാന ട്രഷറർ പി.വി. അബ്ദുർറഹ്മാൻ മാസ്റ്റർ കൺവെൻഷൻ ഉൽഘാടനം ചെയ്തു. നാസർ ഫൈസി കൂടത്തായി ഹജ്ജ് സന്ദേശം നൽകി. കൊടുവള്ളി ബ്ലോക്ക് പ്രസി: കെ.എം അഷ്റഫ് മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. കെ.കെ ജബ്ബാർ മാസ്റ്റർ, ജെ.ടി അബ്ദുർറഹ്മാൻ മാസ്റ്റർ, കെ.മുഹമ്മദ് അണ്ടോണ, എൻ.കെ. അബ്ദുൽ ഖാദർ മാസ്റ്റർ, ടി.പി. അബ്ദുൽ ലത്തീഫ്, ടി.സി. അബ്ദുൽ ഖാദർ എൻ.പി. റസാഖ് മാസ്റ്റർ, പ്രസംഗിച്ചു.

UNIFY RETAIL VENTURES LLP

16/501 - M, Montana Estate Paingottupuram, Peringolam (P.O.), Kozhikode, Kerala, India, 673571

നോട്ടീസ്

കമ്പനി നിയമം 2013 ലെ 366 വകുപ്പ് പ്രകാരവും Companies (Authorised to Registered) നിയമം 2014 ലെ ബാധകമായ മറ്റെല്ലാ വകുപ്പുകൾ പ്രകാരവും 25/03/2024 ൽ കൂടിയ വാർഷിക പൊതുയോഗത്തിലെ തീരുമാന പ്രകാരം കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന Unify Retail Ventures LLP (LLPIN: AAA-4683) എന്ന Limited Liability Partnership സ്ഥാപനം കമ്പനിയാക്കി മാറ്റുന്നതിനായി കേന്ദ്ര സർക്കാരിന്റെ കമ്പനി കാര്യ വകുപ്പിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

രജിസ്റ്റർ ചെയ്തിരിക്കുന്ന Limited Liability Partnership സ്ഥാപനത്തിന്റെ പ്രവർത്തനം മാറ്റുന്നതിലൂടെ കമ്പനിയുടെ ക്രയവിക്രയങ്ങൾക്ക് കൂടുതൽ ഗുണകരവും ലാഭകരവുമാണ്.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്നതിന് എന്തെങ്കിലും എതിർപ്പുകൾ ഉണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 21 ദിവസത്തിനകം Registrar at Central Registration Centre, Indian Institute of Corporate affairs, Plot No:6,7,8, Sector-5, IMT Manesar, Haryana, India, Pin code- 122050 എന്ന വിലാസത്തിൽ സാധൂകരിക്കത്തക്ക കാരണങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

For UNIFY RETAIL VENTURES LLP

Sd/-
Designated partner
Place : Kozhikode

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററെസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് **ടാറ്റ ക്യാപ്പിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ)**, അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 30-05-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു **30-05-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക്** ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് **29-05-2024 ന് വൈകുന്നേരം 5.00 മണി** വരെയോ അതിനു മുമ്പോ **ടാറ്റ ക്യാപ്പിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്**, ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. , സുരക്ഷിതവസ്തുവിന്റെ/സ്ഥാവരവസ്തുവിന്റെ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയമപരമായ പ്രതിനിധിയുടെ പേര്	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരതദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം
1	9624678 & 9624362	ശ്രീ.നാരകത്ത് തിരിശേരി സുജിത് (വായ്പക്കാര), ശ്രീമതി രജീഷ സുജിത് (സഹവായ്പക്കാരി), എം/എസ്.ഗായത്രി ഫാബ്രിക്സ്	രൂപ. 1,13,31,857/- ഉടമ്പടി നമ്പർ 9624678 പ്രകാരവും രൂപ. 29,17,355/- കരാർ നമ്പർ 9624362 പ്രകാരവും രണ്ടും കൂടി ചേർത്ത് 22-11-2019 ലെ കണക്കനുസരിച്ച് ആകെ തുക രൂപ. 1,42,49,212/- നിങ്ങൾ അടയ്ക്കേണ്ടതാണ്.	രൂപ. 75,00,000/- (രൂപ എഴുപത്തിയഞ്ച് ലക്ഷം മാത്രം)	രൂപ. 7,50,000/- (രൂപ ഏഴ് ലക്ഷത്തി അമ്പതിനായിരം മാത്രം)	ഭൗതികം
സ്ഥാവര സ്വത്തിന്റെ വിവരണം: പട്ടിക വസ്തുവിന്റെ എല്ലാ ഭാഗവും സഹിതം, അടിസ്ഥാന വിവരണം: ജില്ല: കോഴിക്കോട് ഉപജില്ല: മുക്കം താലൂക്ക്: കോഴിക്കോട്, വില്ലേജ്: താഴക്കോട്, പരിധി: മുക്കം പഞ്ചായത്ത്, സർവ്വേ നമ്പർ: 300/1, 2, റീ.സർവ്വേ നമ്പർ: 243/1, ബ്ലോക്ക് നമ്പർ: ഇല്ല, വിസ്തീർണ്ണം (ആർ) : 08.09. നിയമപ്രകാരമുള്ള വിവരണം: കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന റീസർവ്വേ നമ്പർ 243/1 ൽ 08.09 ആർ വസ്തുവും മുഴുവൻ ഭാഗവും ഒപ്പം കെട്ടിട നമ്പർ 1/687 എ കെട്ടിടവും സഹിതം, കോഴിക്കോട് രജിസ്ട്രേഷൻ ജില്ലയിൽ മുക്കം സബ് രജിസ്ട്രേഷൻ ജില്ലയിൽ സ്ഥിതിചെയ്യുന്നു, അതിരുകൾ: കിഴക്ക്: ഗോപാലന്റെ സ്വത്ത്, വടക്ക്: ഹൈസ്കൂൾ പടിഞ്ഞാർ: രാജന്റെയും പ്രകാശന്റെയും വസ്തു, തെക്ക്: റോഡ്.						
2	TCHHF04040 00100084769 & 9506904	ശ്രീമതി.ബീന അനിൽകുമാർ, ശ്രീ.അനിൽകുമാർ ബി. എം./എസ്. ലക്ഷ്മി ടെക്സ്റ്റയിൽസ്	നിങ്ങൾ ലോൺ അക്കൗണ്ട് നമ്പർ TCHHF0404000100084769 പ്രകാരം രൂപ. 6093208/ – യും ലോൺ അക്കൗണ്ട് നമ്പർ 9506904 പ്രകാരം രൂപ. 524835/-യും ചേർത്ത് 30-01-2023 ലെ കണക്കനുസരിച്ച് ആകെ കുടിശിക തുക രൂപ. 6618043/- നിങ്ങൾ അടയ്ക്കേണ്ടതാണ്.	രൂപ. 89,00,000/- (രൂപ എൺപത്തിയൊൻപത് ലക്ഷം മാത്രം)	രൂപ. 8,90,000/- (രൂപഎട്ടുലക്ഷത്തി തൊണ്ണൂറായിരം മാത്രം)	ഭൗതികം
സുരക്ഷിത ആസ്തികൾ/സ്ഥാവര സ്വത്തുക്കൾ/ പണയപ്പെടുത്തിയ സ്വത്തുക്കളുടെ വിവരണം: ക്രമനമ്പർ 1, ജില്ല: കോഴിക്കോട്, ഉപജില്ല: കക്കോടി, താലൂക്ക്: കോഴിക്കോട്, വില്ലേജ്: കക്കോടി, മുറി: ബതിരൂർ, പഞ്ചായത്ത് കക്കോടി, റീ.സർവ്വേ ബ്ലോക്ക് നമ്പർ: ഇല്ല, റീസർവ്വേ നമ്പർ: 45, റീസർവ്വേസബ് ഡിവിഷൻ 4, സർവേ നമ്പർ: 71, സർവേ സബ്.ഡിവിഷൻ: 2, വിസ്തീർണ്ണം (ആർ/ ചതുരശ്രമീറ്റർ) 9.312 ആർ, അവകാശത്തിന്റെ സ്വഭാവം - തരം - ജന്മം- തോട്ടം, വിൽപ്പനക്കാരൻ തണ്ടപ്പേർ നമ്പർ- ഇല്ല. സ്വത്ത് വിവരണം:- കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിലെ കക്കോടി വില്ലേജിൽ സർവ്വേനമ്പർ 71/2, റീസർവ്വേനമ്പർ 45/4, എന്നിവയിൽ 9.312 ആർ വിസ്തൃതിയുള്ള ഭൂമിയും മുഴുവൻ ഭാഗങ്ങളും. കെട്ടിടനമ്പർ 4/227(പുതിയ 4/412) കെട്ടിടത്തോടൊപ്പം വഴിയുടെ അവകാശവും ഉൾപ്പെടെ. ശ്രീമതി ബീന അനിൽകുമാറിന്റെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ അവകാശങ്ങളും കോഴിക്കോട് രജിസ്ട്രേഷൻ ജില്ലയിലെ കക്കോടി സബ് രജിസ്ട്രേഷൻ ജില്ലയിൽ 17-12-2013-ലെ സെറ്റിൽമെന്റ് ഡീഡ് നമ്പർ.4308/2013ൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിരുകൾ: കിഴക്ക്: അടിപ്പാട് നിലം, വടക്ക്: റോഡ് , അടിപ്പാട് നിലം, പടിഞ്ഞാർ: മറ്റുള്ളവരുടെ സ്വത്ത്, തെക്ക്: ചാലിയറ കണ്ടി പറമ്പ്, മണടത്ത് അല്ലെങ്കിൽ വെള്ളത്തേടത്ത് പറമ്പ്						

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർ പലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽകിയിരിക്കുന്നു. ഇല്ലെങ്കിൽ സ്ഥാവരവസ്തുക്കൾ ഷെഡ്യൂൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരമുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവ് ഉൾപ്പെടെ) ലേല തീയതിക്ക് മുമ്പ് അടച്ച് അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അത്തരത്തിലുള്ള സുരക്ഷിതമായ വായ്പയും പലിശയും ചെലവും അടക്കമുള്ള അടച്ച തുക അദ്ദേഹത്തിന് തൃപ്തികരമാണെന്ന് തെളിയിക്കുകയോ ചെയ്യുന്ന പക്ഷം ഇ ലേലം നിർത്തുന്നതായിരിക്കും. ഈ വിൽപനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ മറ്റ് വ്യക്തിയോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കരുതെന്നും അല്ലെങ്കിൽ വിറ്റ സ്ഥാവര സ്വത്തിൽ എന്തെങ്കിലും താൽപ്പര്യം നേടാൻ ശ്രമിക്കുകയോ ചെയ്യരുതാത്തതുമാകുന്നു. . **2002 ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായാണ് വിൽപ്പന.**

കുറിപ്പ്: ഇലേലം http://bankauctions.in/ എന്ന പോർട്ടലിലൂടെ 30-05-2024 ന് ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ നടക്കും.10 മിനിറ്റ് വീതം പരിമിത വിപുലീകരണം.

നിബന്ധനകളും വ്യവസ്ഥകളും: 1. ചുവടെയുള്ള ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്നവരുടെ ഏറ്റവും മികച്ച വിവരങ്ങൾക്കായി പ്രസ്താവിച്ചിട്ടുണ്ട്, എന്നാൽ ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പിശക്, തെറ്റിദ്ധാരണ അല്ലെങ്കിൽ ഒഴിവാക്കൽ എന്നിവയ്ക്ക് താഴെ ഒപ്പിട്ടവർ ഉത്തരവാദികളായിരിക്കില്ല. ബിഡ് തുകയുടെ കാര്യത്തിലോ ലേലം വിളിച്ചയാളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടായാൽ, അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിന് വിധേയമായി സ്ഥാവര സ്വത്ത് ഒരിക്കൽ കൂടി ലേലത്തിൽ വയ്ക്കുന്നതാണ്. 2. സ്ഥാവര വസ്തുക്കൾ കരുതൽ വിലയ്ക്ക് താഴെ വിൽക്കാൻ പാടില്ല. 3. ബിഡ് ഇൻക്രിമെന്റ് തുക രൂപ: 10,000/ (പതിനായിരം രൂപ മാത്രം) ആയിരിക്കും: 4.വസ്തു വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകൾക്കുമൊപ്പം ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന്റെ പേരിൽ ബ്രാഞ്ച് അഡ്രസിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കണം. വിജയിയാകാത്ത ലേലക്കാർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് തിരികെ നൽകുന്നതായിരിക്കും. നിരതദ്രവ്യം NEFT/RTGS/IMPS, എന്നിവയായി നൽകുന്നതിന് ദയവായി അംഗീകൃത ഓഫീസറെ ബന്ധപ്പെടുക. 5. ഏറ്റവും ഉയർന്ന ലേലക്കാരനെ വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കും, അവൻ/അവൾ എപ്പോഴും ലേലം ചെയ്യാൻ നിയമപരമായി യോഗ്യനായിരിക്കുകയും കൂടാതെ ബിഡ് തുക കരുതൽ വിലയേക്കാൾ കുറവല്ലാതിരിക്കുകയും ചെയ്യണം. ഓഫർ ചെയ്ത വില വ്യക്തമായി വളരെ അപര്യാപ്തമാണെന്ന് തോന്നുമ്പോൾ, ഏറ്റവും ഉയർന്ന ബിഡ് സ്വീകരിക്കുന്നത് നിരസിക്കാൻ അംഗീകൃത ഓഫീസറുടെ വിവേചനാധികാരത്തിൽ പെടുന്നതായിരിക്കും. 6. രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ, വിൽപ്പന നീട്ടിവെക്കുക/നിർത്തുക എന്നത് അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിലായിരിക്കും. , 7. സ്ഥാവര വസ്തുക്കളുടെ പരിശോധന 22-05-2024 ന് 11 എ.എം. മുതൽ 5.00 പി.എം. വരെ മുൻകൂർ അനുമതിയോടെ നടത്താം. 8. വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കപ്പെട്ട വ്യക്തി, അത്തരം പ്രഖ്യാപനത്തിന് ശേഷം, വാങ്ങൽ പണത്തിന്റെ / ലേല തുകയുടെ ഇരുപത്തഞ്ച് ശതമാനം ഇഎംഡി തുക ഉൾപ്പെടുന്ന് അംഗീകൃത ഓഫീസർക്ക് 24 മണിക്കൂറിനുള്ളിൽ നിക്ഷേപിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ സ്വത്ത് ഉടനടി സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. 9. മുകളിൽ പറഞ്ഞ പ്രകാരം പ്രാരംഭ നിക്ഷേപം നടത്തിയാൽ, വാങ്ങുന്ന പണത്തിന്റെ ബാക്കി തുക വാങ്ങുന്നയാൾ അംഗീകൃത ഓഫീസർക്ക് പ്രോപ്പർട്ടി വിൽപന സ്ഥിരീകരിച്ച തീയതി മുതൽ 15ാം ദിവസത്തിലോ അതിന് മുമ്പോ നൽകണം. അത്തരം ദിവസം, അല്ലെങ്കിൽ 15-ാം ദിവസം ഞായറാഴ്ചയോ മറ്റ് അവധി ദിവസമോ ആണെങ്കിൽ, 15-ാം ദിവസത്തിന് ശേഷമുള്ള ആദ്യത്തെ ഓഫീസ് ദിവസം നൽകേണ്ടതാണ്. 10. മുകളിൽ സൂചിപ്പിച്ച കാലയളവിനുള്ളിൽ ഏതെങ്കിലും പണമടവിൽ വീഴ്ച വരുത്തിയാൽ, സ്വത്ത് സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. ഇഎംഡി ഉൾപ്പെടെയുള്ള നിക്ഷേപം ടാറ്റ ക്യാപ്പിറ്റൽ ഹൗസിംഗ് ലിമിറ്റഡ് കണ്ടുകെട്ടും, വീഴ്ച വരുത്തുന്ന വാങ്ങുന്നയാൾക്ക് വസ്തുവിന്റെ എല്ലാ അവകാശങ്ങളും നഷ്ടപ്പെടും. 11. സ്വത്ത് സംബന്ധിച്ച് ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന് അറിയാവുന്ന ഏതെങ്കിലും ബാധ്യതകളുടെ വിശദാംശങ്ങൾ മുകളിലുള്ള പട്ടിക പ്രകാരമായിരിക്കും. ക്ലെയിമുകൾ, സ്വത്തിനും അതിന്റെ സ്വഭാവത്തെയും മൂല്യത്തെയും ബാധിക്കുന്ന മറ്റേതെങ്കിലും അറിയപ്പെടുന്ന വിശദാംശങ്ങളിലേക്കും മുന്നോട്ട് വച്ചിട്ടുണ്ടെങ്കിൽ: മുകളിലുള്ള പട്ടിക പ്രകാരം. പ്രോപ്പർട്ടി ടാക്സ്, ഇലക്ട്രിസിറ്റി മുതലായവയുടെ നിയമപരമായ ബാധ്യതകൾ ഉൾപ്പെടെയുള്ള സ്വത്തിന്റെ മേലുള്ള ബാധ്യതകളെ കുറിച്ച് സ്വതന്ത്രമായ അന്വേഷണങ്ങൾ നടത്താൻ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ലേലക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 12. മറ്റേതെങ്കിലും വിശദാംശങ്ങൾക്ക് അല്ലെങ്കിൽ ഇ-ലേലത്തെക്കുറിച്ചുള്ള ഓൺലൈൻ പരിശീലനത്തിനുള്ള നടപടിക്രമങ്ങൾ ലക്ഷ്യം വയ്ക്കുന്ന ലേലക്കാർക്ക് സേവന ദാതാവിനെ ബന്ധപ്പെടാം, എം./എസ്. 4ക്ലോഷർ, ബ്ലോക്ക് നമ്പർ.605 എ, ആറാം നില, മൈത്രിവനം കൊമേഴ്സ്യൽ കോംപ്ലക്സ്, അമീർപേട്ട്, ഹൈദരാബാദ് - 500038 അതിന്റെ കോ-ഓർഡിനേറ്റർമാർ- ശ്രീ അരിജിത് കുമാർ ദാസ്, 8142000725, 8142000066,8142000062 ഇമെയിൽ :- arijit@bankauctions.i , ഇമെയിൽ : info@bankauctions.in അല്ലെങ്കിൽ മനീഷ് ബൻസാൽ, ഇമെയിൽ :- Manish.Bansal@tatacapital.com അംഗീകൃത ഓഫീസർ മൊബൈൽ നമ്പർ 8588983696. നിങ്ങളുടെ സംശയങ്ങൾ 9999078669 എന്ന വാട്സാപ് നമ്പറിൽ അയക്കുക. 13. ഉയർന്ന ലേലക്കാരൻ നൽകിയിട്ടുള്ള ഏറ്റവും ഉയർന്ന ലേലത്തിന്റെ 1% ആയിരിക്കും ടിഡിഎസ്. തുക അടയ്ക്കുന്നതിനായി ഉടമയുടെ/വായ്പക്കാരന്റെ(കളുടെ) പാൻകാർഡ് ചലാന്റെ പകർപ്പും ഞങ്ങളുടെ കമ്പനിക്ക് സമർപ്പിക്കേണ്ടതാണ്. 14. മുകളിലുള്ള വിശദാംശങ്ങൾക്ക് സുരക്ഷിത വായ്പാദാതാവിന്റെ വെബ്സൈറ്റായ http://surl.li/tltwq ൽ നൽകിയിരിക്കുന്ന ചുവടെയുള്ള ലിങ്ക് പരിശോധിക്കുക. 15. ദയവായി https://www.tatacapital.com/property-disposal.html ലിങ്കും സന്ദർശിക്കുക:

ദയവായി ശ്രദ്ധിക്കുക.: സ്വത്തു വിൽപ്പന/ലേലത്തിനായി സൂചിപ്പിച്ച ലേല പങ്കാളിയെ കൂടാതെ ടിസിഎച്ച്എഫ്എൽ ഒരു ബ്രോക്കറെയോ/ഏജന്റിനെയോ ഏൽപ്പിച്ചിട്ടില്ലാത്തതാകുന്നു. ഈ വിഷയത്തിലെ എല്ലാ സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും താൽപ്പര്യമുള്ള കക്ഷികൾ താഴെ ഒപ്പിട്ടിരിക്കുന്ന അല്ലെങ്കിൽ അംഗീകൃത ഉദ്യോഗസ്ഥനെ മാത്രമേ ബന്ധപ്പെടാവൂ.

സ്ഥലം: കോഴിക്കോട്
തീയതി: 14.05.2024

ഒപ്പ്/ അംഗീകൃത ഓഫീസർ, ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്.

● ഓപ്പൺ ചെസ് ടൂർണമെൻറ് മത്സരത്തിൽ ചാമ്പ്യനായ കാർത്തിക് രാജ് പയ്യന്നൂരിന് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ അരവിന്ദാക്ഷൻ ട്രോഫി സമ്മാനിക്കുന്നു.